01.07.2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/07/2023

1. പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് ഓണത്തിന് ഒരു മുറം പച്ചക്കറി ഇതിന്റെ ഭാഗമായി പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ സംസ്ഥാനത്തെ 1076 കൃഷിഭവനുകൾ വഴി സൗജന്യമായി നൽകുന്നു.

2. മണീട് ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മണീട് കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്ന കാർഷിക യന്ത്ര സേവന കേന്ദ്രത്തിൽ അഗ്രിക്കൾച്ചറൽ ടെക്നീഷ്യന്മാരായി നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരും, മണീട് ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമുള്ള 18 വയസ്സു മുതൽ 55 വയസ്സു വരെ പ്രായ പരിധിയിൽ ഉള്ളവരായിരിക്കണം. അപേക്ഷയോടൊപ്പം ആധാർ കാർഡ് / റേഷൻ കാർഡ്/ വോട്ടേഴ്സ് ഐഡി എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷകൾ 16/07/2023 തിങ്കളാഴ്ച പകൽ 4 മണിക്കുള്ളിൽ കൃഷിഭവനിൽ ലഭ്യമായിരിക്കണം. അപേക്ഷ ഫാറം കൃഷിഭവനിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി 0485-2267974, 9495572543 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്രവിഭാഗത്തിൽ കൂർക്ക തലകൾ, മുരിങ്ങക്കമ്പുകൾ എന്നിവ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില ഒരു കൂർക്ക തലക്ക് ഒരു രൂപ, മുരിങ്ങക്കമ്പ് ഒന്നിന് 20 രൂപ. വില്പന സമയം രാവിലെ 9 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. മലബാർ മേഖലാ യൂണിയന്റെ അനുബന്ധസ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ക്ഷീരകർഷകരിൽ നിന്നും നേരിട്ടു സംഭരിച്ചിട്ടുള്ള ഉണക്കിപൊടിച്ച ചാണകപ്പൊടി കർഷകർക്കും, ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നു. 1 കി.ഗ്രാം, 2 കി.ഗ്രാം, 5 കി.ഗ്രാം, 10 കി.ഗ്രാം, 30 കി.ഗ്രാം ബാഗുകളിലും കൂടുതൽ ആവശ്യമുള്ളവർക്ക് CFT (ക്യൂബിക് ഫീറ്റ്) അടിസ്ഥാനത്തിൽ മൊത്ത വിലയ്ക്കും ചാണകപ്പൊടി ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് കോട്ടാംപറമ്പിൽ

പ്രവർത്തിക്കുന്ന മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ഓഫീസുമായോ, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന പി & ഐ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9207580188/9207680188 എന്നീ ഫോൺ നമ്പരുകളിലോ, ceomrdf@gmail.com എന്ന ഈ- മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

5. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ "ഉമ" ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

6. റബ്ബർടാപ്പിങ്തൊഴിലാളികൾക്കായി റബ്ബർബോർഡ് 2011-12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2023 ജൂലൈ 07 നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്.

**കാർഷിക നിർദ്ദേശം**

ചെണ്ടുമല്ലി

ചെണ്ടുമല്ലിയിൽ ബാക്ടീരിയൽ വാട്ടരോഗം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. റാൾസ്റ്റോണിയ സോളാനേസിയേറം ആണ് രോഗഹേതു. ബാക്ടീരിയ ചെടിയുടെ ഉള്ളിൽ എത്തുമ്പോൾ അത് പെരുകുകയും ജലത്തിന്റെയും പോഷകങ്ങളുടെയും സഞ്ചാരം തടയുകയും ചെയ്യുന്നു. ഉച്ചകഴിഞ്ഞ് ഇലകൾ വാടാൻ തുടങ്ങുകയും വൈകുന്നേരത്തോടെ സുഖം പ്രാപിക്കുകയും ചെയ്യുന്നതാണ് ഈ രോഗത്തിന്റെ ആദ്യ ലക്ഷണം. ഈ വാടിപ്പോകൽ ക്രമേണ മുഴുവൻ ചെടികളിലേക്കും വ്യാപിക്കുകയും മഞ്ഞനിറം പോലുമാകാതെ പെട്ടെന്ന് മുഴുവനായി വാടിനശിച്ച് പോകുകയും ചെയ്യുന്നു.

**പ്രതിരോധ മാർഗ്ഗങ്ങൾ**

മണ്ണ്, ജലസേചന സൗകര്യം, വിത്തുകൾ, പറിച്ചുനടാനുള്ള ചെടികൾ എന്നിവ രോഗാണുരഹിതമാണെന്നു ഉറപ്പാക്കണം. സ്യൂഡോമോണാസ് ലായനിയിൽ തൈകൾ മുക്കിയതിനുശേഷം മാത്രം പറിച്ചുനടീൽ അനുവർത്തിക്കുക. ചെടികൾക്കിടയിൽ നിർദ്ദേശിക്കപ്പെട്ട അകലം പാലിക്കണം. കൃഷിയിടങ്ങളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മെച്ചപ്പെട്ട നീർവാർച്ചാ സൗകര്യം ഒരുക്കുക. 6-6.5 വരെ പി എച്ച് മൂല്യമുള്ള നേരിയ അമ്ലതയുള്ള മണ്ണ് ഉറപ്പു വരുത്തണം. മലിനമായ മണ്ണിൽ നിന്നും ശുദ്ധമായ മണ്ണിലേക്ക് പണിയായുധങ്ങൾ നീക്കം ചെയ്യുമ്പോൾ ബ്ലീച് ഉപയോഗിച്ച് രോഗവിമുക്തമാക്കണം.

**നിയന്ത്രണമാര്ഗ്ഗങ്ങൾ**

രോഗം ബാധിച്ച ചെടികൾ ഉടനടി നീക്കം ചെയ്യുക. മറ്റു ചെടികളിലേക്ക് മണ്ണും ബാക്ടീരിയയും പടരാതിരിക്കാൻ ബാധിക്കപ്പെട്ട ചെടികൾ മാലിന്യ സഞ്ചിയിലോ മറ്റൊരു പാത്രത്തിലോ വയ്ക്കുക. രോഗബാധയുള്ള സ്ഥലങ്ങളിൽ ബ്ലീച്ചിംഗ് പൗഡർ 10 ഗ്രാം/ലിറ്റർ വെള്ളത്തിൽ കലക്കി ചെടിയുടെ ചുവട്ടിലുള്ള മണ്ണിൽ ഒഴിച്ചുകൊടുക്കുക. 20 ഗ്രാം സ്യൂഡോമോണസ് ഒരു ലിറ്റർ ചാണക സ്ലറിയിൽ (1 കിലോ ചാണകം 10 ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തത്) കലർത്തി ചെടികളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുക. ബ്ലീച്ചിങ്ങ് പൗഡർ ഇട്ടതിനു ശേഷം 5 ദിവസങ്ങളെങ്കിലും കഴിഞ്ഞതിനു ശേഷമായിരിക്കണം ഇത് അനുവർത്തിതക്കേണ്ടത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം